**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5272** **21-07-2022 - ൽ മറുപടിയ്ക്ക്**

**കേരള സർവ്വകലാശാലയിലെ ഓഫീസ് സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ നിബന്ധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവ്വകലാശാലയിൽ നിലവിലുള്ള ഓഫീസ് സൂപ്രണ്ട് തസ്തികകളുടെ എണ്ണവും അതിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണവും വ്യക്തമാക്കുമോ; | (എ) | കേരള സർവ്വകലാശാലയിൽ നിലവിലുള്ള ഓഫീസ് സൂപ്രണ്ട് തസ്തികകളുടെ എണ്ണം :<br><br>ഓഫീസ് സൂപ്രണ്ട് - 30<br><br>ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) - 29<br><br>ഇവയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം :<br><br>ഓഫീസ് സൂപ്രണ്ട് - 30<br><br>ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്)- 12 |
| (ബി) | കേരള സർവ്വകലാശാലയിലെ ഓഫീസ് സൂപ്രണ്ട് തസ്തികകളിൽ ഒഴിവുണ്ടായിട്ടും, സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റമാർക്ക് പ്രസ്തുത തസ്തികയിൽ ഒരു വർഷത്തെ സർവ്വീസ് തികഞ്ഞിട്ടില്ലെന്ന കാരണത്താൽ ഓഫീസ് സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നൽകാതിരിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവണത അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958 (KS & SSR) റൂൾ – 28 (a) (ii) പ്രകാരം പ്രൊമോഷൻ നൽകുന്നതിന് ഒരു വർഷത്തെ സർവ്വീസ് തികഞ്ഞിരിക്കണമെന്ന് നിർവ്വചിച്ചിട്ടുണ്ട്.<br><br>*KS & SSR(1958) Rule – 28 (a) (ii)*<br><br>*Where the Special Rules for a service provide for appointment by promotion to any class or category from a specified class or category of such service, no member shall be eligible for such appointment unless he is a full member or an approved probationer in the class or category so specified :*<br><br>*Provided that if he is the holder of a post in any service for which no probation has been prescribed, he shall not be eligible for promotion unless he has put in satisfactory service in that post for a period of one year on duty within a continuous period of two years.* |

| | | | |
|---|---|---|---|
| | | | കമ്പ്യൂട്ടർ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്)മാർ ഓഫീസ് സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കേരളത്തിലെ മറ്റ് സർവ്വകലാശാലകളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക്, ഓരോ തസ്തികയിലും ഒരു വർഷത്തെ സർവ്വീസ് പൂർത്തീകരിച്ചതിനുശേഷം മാത്രമെ പ്രൊമോഷൻ നൽകുകയുള്ളു എന്ന നിബന്ധന ഇല്ലാതിരിക്കെ, കേരള സർവ്വകലാശാലയിൽ മാത്രം പ്രസ്തുത നിബന്ധന നിർബന്ധമാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | KS & SSR(1958) Rule – 28 (a) (ii) – ന വിധേയമായിട്ടാണ് കേരള സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ പ്രൊമോഷൻ നൽകിയിട്ടുള്ളത്. |
| (ഡി) | മറ്റ് സർവ്വകലാശാലകളിൽ ഇല്ലാത്ത പ്രസ്തുത നിബന്ധന കേരള സർവ്വകലാശാലയിൽ മാത്രം നടപ്പിലാക്കിയിരിക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ഡി) | (സി)-യിൽ നൽകിയിട്ടുണ്ട്. |
| (ഇ) | കേരള സർവ്വകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഇ) | കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ റിപ്പോർട്ട് ചെയ്യാൻ നിലവിൽ ഒഴിവുകളില്ല. നിലവിലുണ്ടായിരുന്ന ഒരൊഴിവ് പി.എസ്.സി- യിൽ 09.06.2022 ന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ